**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5436

24.05.2017-ൽ മറുപടിക്ക്

## സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയിലെ പ്യൂൺ തസ്തികയിലെ നിയമനം

**ചോദ്യം**
ശ്രീ. ജോൺ ഫെർണാണ്ടസ്

28.04.2010 ലെ നോട്ടിഫിക്കേഷൻ നമ്പർ. സി.ഇ. (സി)/530/2010 പ്രകാരം സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ കേരളയിലെ പ്യൂൺ തസ്തികയിലേക്ക് നടന്ന എഴുത്തു പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി**
ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

28.04.2010 ലെ നോട്ടിഫിക്കേഷനിൽ സംവരണ തത്വങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത നോട്ടിഫിക്കേഷൻ റദ്ദ് ചെയ്ത് പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷന്റെ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇതിനോടകം അപേക്ഷകരിൽ ഒരാളായ ശ്രീ. കെ. ലിനേഷ് ഫയൽ ചെയ്ത WP(c) – 28413/11 ലെ വ്യവഹാരം കോടതിയുടെ പരിഗണനയിലായതിനാൽ അതിലെ അന്തിമ വിധി അനുസരിച്ചു മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ